## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1861** **25/03/2013** ൽ മറുപടിക്ക്

### ഫിലിം ഫെസ്റ്റിവൽ

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ

(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന ഫിലിം ഫെസ്റ്റിവൽ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഫിലിം സൊസൈറ്റികളും, സാംസ്കാരിക സംഘടനകളും സംസ്ഥാനത്ത് പല തരത്തിലുള്ള ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതായി പൊതുവിൽ മനസിലാക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ പാഞ്ചജന്യം ഫിലിം സൊസൈറ്റി സംഘടിപ്പിക്കുന്ന ഫിലിം ഫെസ്റ്റിവൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കഴിഞ്ഞ കുറെ വർഷങ്ങളായി മാതൃകാപരമായി സംഘടിപ്പിക്കുന്ന പാഞ്ചജന്യം ഫിലിം ഫെസ്റ്റിവലിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (സി) | ഫിലിം ഫെസ്റ്റിവലിന് പ്രദർശിപ്പിക്കുന്നതിനുള്ള ചിത്രങ്ങൾ കേരള ചലച്ചിത്ര അക്കാഡമി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ അക്കാദമിക സഹായ - സഹകരണങ്ങൾ പാഞ്ചജന്യം ഫിലിം സൊസൈറ്റി ആവശ്യപ്പെടുന്നതനുസരിച്ച് നൽകാൻ കഴിയും. |
| (ഡി) | വളരെ മാതൃകാപരമായി ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന സംഘടനകൾക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | മാതൃകാപരമായി ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന സംഘടനകൾക്ക് ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇൻഡ്യ വഴിയാണ് സഹായം നൽകി വരുന്നത്. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇൻഡ്യക്ക് ഇതിനായി സർക്കാർ ഗ്രാന്റ് നേരിട്ട് നൽകുകയാണ്. കേരള ചലച്ചിത്ര അക്കാദമിയിൽ ലഭ്യമായ ചിത്രങ്ങളും പ്രദർശന ഉപകരണങ്ങളും ഫെസ്റ്റിവൽ നടത്തുന്നതിന് അനുവദിക്കുന്നുണ്ട്. |

Sheela M

സെക്ഷൻ ഓഫീസർ